മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവ്വകലാശാലയിലെ എം.ഫിൽ വിദ്യാർത്ഥികൾക്ക് 2018-19 അക്കാദമിക വർഷം മുതൽ പ്രതിമാസം ₹2000/-രൂപ നിരക്കിൽ നൽകുവാൻ തീരുമാനിച്ച ഫെലോഷിപ്പ് പ്രതിമാസം 2500/- രൂപയായി വർദ്ധിപ്പിച്ച് 2017-18 അക്കാദമിക വർഷം മുതൽ 12 മാസത്തേക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ6 വിഭാഗം**

യു.ഒ.നം. 498/എVI/2/21884/ജെ.ആർ.എഫ്/2018/അക്കാദമിക് (II) പി.ഡി.ഹിൽസ്,തീയതി: 31/01/2019

---

പരാമർശം:-

1. 21.01.2019 ലെ യു.ഒ.നം.375/എVI/2/21884/ജെ.ആർ.എഫ്/2018/അക്കാദമിക്
2. എം.ഫിൽ/പി.എച്ച്ഡി ഫെലോഷിപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുമായി 21.01.2019ന് നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്
3. 22.01.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻെറ നടപടിക്കുറിപ്പ് ഇനം നമ്പർ ഒ.എ.18/19.01

## ഉത്തരവ്

2018-19 അക്കാദമിക വർഷം മുതൽ M.Phil അഡ്മിഷൻ നേടുന്ന, മറ്റ് ഫെല്ലോഷിപ്പുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിനും, ഫെല്ലോഷിപ്പ് തുക പ്രതിമാസം Rs. 2000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് നിജപ്പെടുത്തുന്നതിനും, വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുന്നതിനും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

22.01.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം 2 നടപടിക്കുറിപ്പ് പരിഗണിക്കുകയും, നടപടിക്കുറിപ്പ് ഇനം നമ്പർ ഒ.എ.18/19.01 പ്രകാരം താഴെപ്പറയുംവിധം തീരുമാനിക്കുകയും ചെയ്തു.

1. "എം.ഫിൽ വിദ്യാർത്ഥികൾക്ക് 2018-19 അക്കാദമിക വർഷം മുതൽ പ്രതിമാസം 2,000/- രൂപ നിരക്കിൽ നൽകുവാൻ തീരുമാനിച്ച ഫെല്ലോഷിപ്പ് പ്രതിമാസം 2,500/- രൂപയായി വർദ്ധിപ്പിച്ച് 2017-18 അക്കാദമിക വർഷം മുതൽ 12 മാസത്തേക്ക് നൽകുന്നതിന് തീരുമാനിച്ചു.
2. ഫെല്ലോഷിപ്പ് വിതരണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഗണിച്ച് ശുപാർശ നൽകുന്നതിന് ഡോ. കെ. കൃഷ്ണദാസ് (കൺവീനർ), ഡോ. ആർ. പ്രഗാഷ്, ഡോ. എസ്. സുജാത, ശ്രീ. ഗോപികൃഷ്ണൻ വി.ജി., ശ്രീ. വിജീഷ് വി. (വിദ്യാർത്ഥി പ്രതിനിധികൾ) എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
3. കുടിശ്ശികയുള്ള ഫെല്ലോഷിപ്പ് തുക മാർച്ച് 2019-നു മുൻപ് കൊടുത്തു തീർക്കുന്നതിനു നടപടിയെടുക്കുന്നതിനും തൂരുമാനിച്ചു."

പരാമർശം (1) സർവ്വകലാശാലാ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്തുകൊണ്ട് തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി.**

പകർപ്പ്:

1. ബന്ധപ്പെട്ട കോളേജ്/പഠനവകുപ്പ് തലവൻമാർ
2. വൈസ് ചാൻസിലർ, പ്രോ വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
4. ആഡിറ്റ് V/ജനറൽ ക്യാഷ്
5. ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
6. ഐ.ക്യൂ.എ.സി/റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. പി.ആർ.ഒ./എൻക്വയറി
8. കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: എസി.എ6/2/21884/ജെ.ആർ.എഫ്/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം